കണ്ണൂർസർവകലാശാല
(പരീക്ഷാ വിഭാഗം)
www.kannuruniversity.ac.in


No. EG I.2/PR/2022 കെ. യു എച്ച്. ക്യു., തീയതി: 03.10.2022

## പ്രസിദ്ധീകരണത്തിന്

## മൂല്യനിർണയ ക്യാമ്പുകളിൽ ഹാജരാകണം

കണ്ണൂർ സർവകലാശാലയിൽ 26-09-2022 ന ആരംഭിച്ച മൂല്യനിർണയ ക്യാമ്പുകളിൽ, ചില വിഷയങ്ങളുടെ മൂല്യനിർണയം ഇനിയും പൂർത്തിയായിട്ടില്ലാത്തതിനാൽ, മൂല്യനിർണയം തീരാത്ത വിഷയങ്ങളുടെ ക്യാമ്പുകൾ 2022 ഒക്ടോബർ ആറ് മുതൽ തുടർന്നും നടത്തുന്നതാണെന്നും , മൂല്യനിർണയം തീരാത്ത വിഷയങ്ങളുടെ അധ്യാപകർ നിർബന്ധമായും ക്യാമ്പുകളിൽ പങ്കെടുക്കണമെന്നും , അതാതു വിഷയങ്ങളുടെ മൂല്യനിർണയം പൂർത്തീകരിക്കുന്ന മുറക്ക് മാത്രമേ അധ്യാപകരെ ക്യാമ്പുകളിൽ നിന്ന് വിടുതൽ ചെയ്യുകയുള്ളൂ എന്നും പരീക്ഷാ കൺട്രോളർ അറിയിച്ചു.

## പുനക്രമീകരിച്ച പരീക്ഷാ ടൈം ടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്

നവരാത്രി പൂജയ്ക്കായി സർക്കാർ അവധി പ്രഖ്യാപിച്ച സാഹചര്യത്തിൽ മാറ്റിവച്ച ഒക്ടോബർ 3ലെ പ്രൈവറ്റ് രജിസ്ട്രേഷൻ ബിരുദ പരീക്ഷകൾ(ബി.ബി.എ) ഒക്ടോബർ 7നും ബിരുദാനന്തര ബിരുദ പരീക്ഷകൾ ഒക്ടോബർ 13നും നടക്കുന്നതായിരിക്കും. ഒക്ടോബർ 3ലെ മാറ്റി വച്ച എല്ലാ പരീക്ഷകളുടേയും പുനക്രമീകരിച്ച തീയ്യതി സംബന്ധിച്ച വിശദാംശങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ ടൈം ടേബിൾ വിഭാഗത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്

## മാർക്ക് ലിസ്റ്റുകളുടെ ഫോട്ടോകോപ്പി കൂടി സമർപ്പിക്കണം

ഒന്നും രണ്ടും വർഷ പി ജി (വിദൂര വിദ്യാഭ്യാസം) ജൂൺ 2022 ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി പരീക്ഷകൾക്ക് അപേക്ഷിക്കുന്നവർ മുൻപ് എഴുതിയ എല്ലാ പരീക്ഷയുടെയും മാർക്ക് ലിസ്റ്റുകളുടെ ഫോട്ടോകോപ്പി കൂടി അപേക്ഷകൾക്കൊപ്പം സമർപ്പിക്കേണ്ടതാണ്. 2016 അഡ്മിഷൻ വരെയുള്ളവർ ഓഫ്‌ലൈൻ ആയും അതിനു ശേഷമുള്ളവർ ഓൺലൈൻ ആയുമാണ് അപേക്ഷിക്കേണ്ടത്. പിഴകൂടാതെ ഈ മാസം 15 വരെ അപേക്ഷിക്കാം.

(ഒപ്പ്)

അസിസ്റ്റൻറ് രജിസ്ട്രാർ I
(പരീക്ഷാ വിഭാഗം)